# First Meeting of the India-UK Joint Working Group on Cyber Deterrence

November 25, 2021

---

**സൈബർ പ്രതിരോധാനം സംബന്ധിച്ചുള്ള ഇന്ത്യ -യു കെ സംയുക്ത വർക്കിങ് ഗ്രൂപ്പിന്റെ ആദ്യ സമ്മേളനം**

നവംബർ 25, 2021

1.സൈബർ പ്രതിരോധം സംബന്ധിച്ച ഇന്ത്യ-യുകെ സംയുക്ത വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം 2021 നവംബർ 25-ന് വെർച്വൽ മോഡിൽ നടന്നു. വിദേശകാര്യ മന്ത്രാലയത്തിലെ (MEA) ജോയിന്റ് സെക്രട്ടറി (സൈബർ ഡിപ്ലോമസി) ശ്രീ അതുൽ മൽഹാരി ഗോട്സർവെ ഇന്ത്യൻ പ്രതിനിധി സംഘത്തെയും ഫോറിൻ കോമൺവെൽത്ത് ഡെവലപ്മെന്റ് ഓഫീസിൽ (എഫ്സിഡിഒ) നിന്നുള്ള സൈബർ ഡയറക്ടർ വിൽ മിഡിൽടൺ യുകെ പ്രതിനിധി സംഘത്തെയും നയിച്ചു. ഇരു രാജ്യങ്ങളിലെയും മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും മുതിർന്ന സൈബർ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

2. 2018 ഏപ്രിൽ 17 ന് ന്യൂഡൽഹിയിൽ ഒപ്പുവച്ച സൈബർ ബന്ധത്തിലെ ഇന്ത്യ-യുകെ ചട്ടക്കൂടിന് കീഴിലുള്ള സൈബർ പ്രതിരോധവുമായി ബന്ധപ്പെട്ട വിവിധ പ്രധാന വശങ്ങളും നിലവിലുള്ള ഉഭയകക്ഷി സൈബർ സഹകരണം കൂടുതൽ ആഴത്തിലാക്കാനുള്ള വഴികളും ഇരുപക്ഷവും ചർച്ച ചെയ്തു.

3. ഇന്ത്യയും യുകെയും പരസ്പരം അടുത്ത് പ്രവർത്തിക്കാനും സൈബർ പ്രതിരോധത്തിനുള്ള വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും ഫലപ്രദമായ സൈബർ പ്രതിരോധ തന്ത്രങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള പതിവായ കൂടിയാലോചനകൾ നടത്താനും യോഗത്തിൽ തീരുമാനിച്ചു

**ന്യൂ ഡൽഹി**

**നവംബർ 25, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.